"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ അധികരിച്ച ചെലവായ തുക തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1348/2024/LSGD　തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:

1. സ.ഉ.(സാധാ) നം.564/2023/ത.സ്വ.ഭ.വ തീയതി, 06.03.2023.
2. സ.ഉ(സാധാ) നം.1153/2023/ത.സ്വ.ഭ.വ തീയതി, 02.06.2023.
3. 15.04.2024 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/13727/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ അധികരിച്ച ചെലവായ 5,30,391/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി 03.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണം നടത്തിയതിന് 13,91,946/- രൂപയും 01.06.2023 മുതൽ 14.06.2023 വരെ കുടിവെള്ളം വിതരണം നടത്തിയതിന് 3,38,445/- രൂപയും ചെലവായിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവുപ്രകാരം അനുവദനീയമായ 12 ലക്ഷം രൂപയിൽ അധികരിച്ച് ചെലവായ 5,30,391/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നത്. പ്രസ്തുത അപേക്ഷയോടൊപ്പം പഞ്ചായത്ത് ഭരണസമിതി തീരുമാനം, കണ്ണൂർ ജില്ലാ കളക്ടറുടെ നടപടിക്രമം, കുടിവെള്ള വിതരണം നടത്തിയതിന്റെ ജി.പി.എസ് രേഖകൾ, ട്രിപ്പ് ഷീറ്റ്, ബിൽ, പയ്യന്നൂർ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്ത് എന്നിവ സഹിതം ടി അപേക്ഷ ശുപാർശ ചെയ്തുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 01.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ച്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി 03.04.2023 മുതൽ 14.06.2023 തീയതി വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ അനുവദനീയമായ 12 ലക്ഷം രൂപയിൽ അധികരിച്ച ചെലവായ 5,30,391/- രൂപ (അഞ്ച് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്, പെരിങ്ങോം പി.ഒ, കണ്ണൂർ-670353.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Resmi R S
Date: 26-07-2024 10:51:03
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്